പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 607 06-02-13 ൽ മറുപടിക്ക്

വിൽപന നികുതി വരുമാനം

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ.കെ.കെ.ജയചന്ദ്രൻ : | ശ്രീ.കെ.എം.മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) 2011-12 സാമ്പത്തിക വർഷം വിൽപ്പന നികുതിയിനത്തിൽ ലഭിച്ച വരുമാനം എത്രയായിരുന്നു; | (എ) 18938.83 കോടി രൂപ. |
| (ബി) പ്രസ്തുത ഇനത്തിൽ കുടിശികയായി എത്ര രൂപ ലഭിക്കുവാനുണ്ട്; | (ബി) 5458.64 കോടി രൂപ. |
| (സി) കുടിശിക ഇനത്തിലെ തുക അടിയന്തിരമായി പിരിച്ചെടുക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | (സി) വാണിജ്യനികുതി ഓഫീസർമാരുടെ സമ്മേളനങ്ങൾ വിളിച്ചുകൂട്ടി, നികുതി കുടിശ്ശിക പിരിവ് ഊർജ്ജിതമാക്കുന്നതിനും വിഭവസമാഹരണം മെച്ചപ്പെടുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കോടതി, സർക്കാർ, വിവിധ അപ്പീൽ അധികാരികൾ എന്നിവർ നൽകിയിട്ടുള്ള സ്റ്റേ ഉത്തരവുകൾ നീക്കി കിട്ടുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.<br>2) റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുന്നതിനുവേണ്ടി ജില്ലാകളക്ടർമാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ട്. നികുതി നിയമത്തിലെ അധികാരം ഉപയോഗിച്ച് ഇൻസ്പെക്റ്റിങ് അസിസ്റ്റന്റ് കമ്മീഷണർമാരും, റവന്യൂ റിക്കവറി നടപടികൾ നടത്തി നികുതി കുടിശ്ശിക പിരിക്കുന്നു.<br>3) ഹൈക്കോടതിയിൽ സ്റ്റേ ഉള്ള കേസുകളിൽ വേഗം തീർപ്പു കൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ